(എ) കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ് ജീവനക്കാരുടെ വിദ്യാഭ്യാസ യോഗ്യതാ നിർണ്ണയം, സ്റ്റാഫ് പാറ്റേൺ എന്നിവ സംബന്ധിച്ച ഏതെങ്കിലും ഫയൽ സർക്കാരിൽ തീർപ്പാകാതെയുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഫയൽ ഇപ്പോൾ എത് അവസ്ഥയിൽ ആണെന്നും, എത്ര കാലമായി സർക്കാരിൽ തീർപ്പാകാതെയിരിക്കുകയാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഫയൽ എപ്പോൾ തീർപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല. ഇക്കാര്യത്തിൽ 9-4-2003-ൽ ജി.ഒ.(പി) 94/03/സഹ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

പരിയാരം സ്വാശ്രയ മെഡിക്കൽ കോളേജിലെ വിദ്യാർത്ഥി പ്രവേശനം

105 [5661] ശ്രീ. കെ. പി. രാജേന്ദ്രൻ:

ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിയാരം സ്വാശ്രയ മെഡിക്കൽ കോളേജിലെ 2003-04 അദ്ധ്യയന വർഷത്തിലെ വിദ്യാർത്ഥി പ്രവേശനം പൂർത്തിയായിട്ടുണ്ടോ;

(ബി) എത്ര വിദ്യാർത്ഥികൾക്ക് 2002-03 വർഷത്തിൽ പ്രവേശനം നൽകിയെന്ന് വ്യക്തമാക്കുമോ;

(സി) വിദ്യാർത്ഥികളിൽനിന്ന് ഈടാക്കിയ ഫീസ് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) മെരിറ്റ് സീറ്റിലെ വിദ്യാർത്ഥികളുടെ ഫീസ് എത്രയാണ്; ഫീസിനു പുറമേ വിദ്യാർത്ഥികളിൽനിന്നും ഈടാക്കുന്ന മറ്റു ഫീസുകൾ എന്തൊക്കെയാണ്;

(ഇ) മാനേജ്മെന്റ് കാറ്റഗറിയിൽ (പേയ്മെന്റ്) ചേരുന്ന വിദ്യാർത്ഥികളിൽനിന്ന് ഈടാക്കുന്ന ഫീസ് എത്രയാണെന്ന് വ്യക്തമാക്കാമോ; ഫീസിനു പുറമേ വിദ്യാർത്ഥികളിൽനിന്ന് ഈടാക്കുന്ന മറ്റ് ഫീസുകൾ, സംഭാവനകൾ, ഡെപോസിറ്റ്, തുടങ്ങിയ സംഖ്യ എത്ര വീതമാണെന്ന് വ്യക്തമാക്കാമോ;

(എഫ്) ഈ വർഷത്തെ അഡ്മിഷൻവഴി മൊത്തം പിരിച്ചുകിട്ടിയ സംഖ്യ എത്രയെന്ന് വ്യക്തമാക്കാമോ;

(ജി) എൻ.ആർ.ഐ. കാറ്റഗറിയിൽ എത്ര വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ; ഇവരിൽനിന്ന് ഈടാക്കിയ സംഖ്യ എത്ര;

(എച്ച്) പരിയാരം മെഡിക്കൽ കോളേജിന്റെ സ്വാശ്രയ പദവി സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് നിലവിലുണ്ടോ; കേസിന്റെ ഏറ്റവും അവസാനത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിദ്യാർത്ഥി പ്രവേശനം ആരംഭിച്ചിട്ടില്ല.

(ബി) 100 പേർക്ക് പ്രവേശനം നൽകി എങ്കിലും 10 പേരെ സർക്കാർ റീ അലോട്ട്മെന്റ് പ്രകാരം മറ്റ് മെഡിക്കൽ കോളേജുകളിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ബാക്കി 90 പേർ ഉണ്ട്.

(സി) 2002-03 വർഷത്തിൽ മെരിറ്റ് സീറ്റിൽ ഒരു വിദ്യാർത്ഥിക്ക് ട്യൂഷൻ ഫീസ് 8,750 (പ്രതിവർഷം), മറ്റു ഫീസുകൾ 16,095 രൂപ വീതവും പേയ്മെന്റ് സീറ്റിൽ ഒരു വിദ്യാർത്ഥിക്ക് ട്യൂഷൻ ഫീസ് 1,25,000 (പ്രതിവർഷം), മറ്റു ഫീസുകൾ 16,095, 5 കൊല്ലം കഴിഞ്ഞാൽ തിരിച്ചുകൊടുക്കുന്ന പലിശയില്ലാത്ത നിക്ഷേപം 5,00,000 രൂപയും എൻ.ആർ.ഐ. സീറ്റിൽ ഒരു വിദ്യാർത്ഥിക്ക് ട്യൂഷൻ ഫീസ് 1,25,000 (വർഷത്തിൽ), മറ്റു ഫീസുകൾ 16,095, ഡവലപ്മെന്റ് ഫീസ് 20 ലക്ഷം രൂപയും വീതമാണ്.

(ഡി) 2003-04 വർഷത്തിലേക്കുള്ള മെരിറ്റ് സീറ്റിൽ സർക്കാർ തീരുമാനം ആകാത്തതിനാൽ ഫീസ് നിശ്ചയിച്ചിട്ടില്ല.

(ഇ) തീരുമാനം കൈക്കൊണ്ടിട്ടില്ല.

(എഫ്) അഡ്മിഷൻ ആരംഭിച്ചിട്ടില്ല.

(ജി) അഡ്മിഷൻ ആരംഭിച്ചിട്ടില്ല.

(എച്ച്) സ്വാശ്രയ പദവിയെ സംബന്ധിച്ച് കേസുകളൊന്നും നിലവിലില്ല.

തുറമുഖ വികസന പദ്ധതികൾ

106 [5662] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ തുറമുഖങ്ങളുടെ വികസനത്തിനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ എന്നും അതിനുവേണ്ടി പഠനം നടത്തിയിട്ടുണ്ടോയെന്നും വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) അടുത്ത അഞ്ചു വർഷത്തിനുള്ളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന തുറമുഖ വികസന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ തുറമുഖങ്ങളുടെ വികസനത്തിനായി എന്തു തുക കേന്ദ്ര സഹായമായി ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തുറമുഖ വികസനത്തിന് എന്തു തുക വിദേശ ധനസഹായമായി ലഭ്യമായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly